# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക

## (1)

ദൂത് അഞ്ച്

### പുതിയനിയമ യോബേലിന്റെ യാഥാർഥ്യമായി ക്രിസ്തുവിനെ ആസ്വദിക്കുന്നു

RA *Hymns*: ML59, ML218

തിരുവെഴുത്ത് വായന: ലേവ്യ 25:8-17; യെശ. 61:1-3;
ലൂക്കൊ. 4:16-22; പ്രവൃ. 26:16-19

ലേവ്യ. 25:8 പിന്നെ ഏഴു ശബ്ബത്താണ്ടായ ഏഴേഴുസംവത്സരം എണ്ണേണം; അങ്ങനെ ഏഴു ശബ്ബത്താണ്ടായ നാല്പത്തൊമ്പതു സംവത്സരം കഴിയേണം.

ലേവ്യ. 25:9 അപ്പോൾ ഏഴാം മാസം പത്താം തിയ്യതി മഹാധ്വനികാഹളം ധ്വനിപ്പിക്കേണം; പാപപരിഹാരദിവസത്തിൽ നിങ്ങൾ നിങ്ങളുടെ ദേശത്തു എല്ലാടവും കാഹളം ധ്വനിപ്പിക്കേണം.

ലേവ്യ. 25:10 അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകലനിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കേണം; അതു നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം: നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം.

ലേവ്യ. 25:11 അമ്പതാം സംവത്സരം നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം; അതിൽ നിങ്ങൾ വിതെക്കയോ പടുവിളവു കൊയ്കയോ വള്ളിത്തല മുറിക്കാത്ത മുന്തിരിവള്ളിയുടെ പഴം പറിക്കയോ ചെയ്യരുതു.

ലേവ്യ. 25:12 അതു യോബേൽസംവത്സരം ആകുന്നു; അതു നിങ്ങൾക്കു വിശുദ്ധമായിരിക്കേണം; ആയാണ്ടത്തെ അനുഭവം നിങ്ങൾ വയലിൽനിന്നുതന്നേ എടുത്തു തിന്നേണം.

ലേവ്യ. 25:13 ഇങ്ങനെയുള്ള യോബേൽസംവത്സരത്തിൽ നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം.

ലേവ്യ. 25:14 കൂട്ടുകാരന്നു എന്തെങ്കിലും വിൽക്കയോ കൂട്ടുകാരനോടു എന്തെങ്കിലും വാങ്ങുകയോ ചെയ്താൽ നിങ്ങൾ തമ്മിൽ തമ്മിൽ അന്യായം ചെയ്യരുതു.

ലേവ്യ. 25:15 യോബേൽസംവത്സരത്തിന്റെ പിമ്പുള്ള സംവത്സരങ്ങളുടെ സംഖ്യക്കു ഒത്തവണ്ണം നിന്റെ കൂട്ടുകാരനോടു വാങ്ങേണം; അനുഭവമുള്ള സംവത്സരങ്ങളുടെ സംഖ്യെക്കു ഒത്തവണ്ണം അവൻ നിനക്കു വിൽക്കേണം.

ലേവ്യ. 25:16 സംവത്സരങ്ങൾ ഏറിയിരുന്നാൽ വില ഉയർത്തേണം; സംവത്സരങ്ങൾ കുറഞ്ഞിരുന്നാൽ വില താഴ്ത്തേണം; അനുഭവത്തിന്റെ കാലസംഖ്യെക്കു ഒത്തവണ്ണം അവൻ നിനക്കു വില്ക്കുന്നു.

ലേവ്യ. 25:17 ആകയാൽ നിങ്ങൾ തമ്മിൽ തമ്മിൽ അന്യായം ചെയ്യരുതു; നിന്റെ ദൈവത്തെ ഭയപ്പെടേണം: ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു.

യെശ. 61:1 എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവു എന്റെമേൽ

ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും

യെശ. 61:2 യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും

യെശ. 61:3 സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിന്നു പകരം അലങ്കാരമാലയും ദുഃഖത്തിന്നു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിന്നു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു; അവൻ മഹത്വീകരിക്കപ്പെടേണ്ടതിന്നു അവർക്കു നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും.

ലൂക്കൊ. 4:16 പിന്നെ താൻ വളർന്നുവന്ന ഇടമായ നസറെത്തിലേക്കു വരുകയും, തന്റെ പതിവുപോലെ ശബ്ബത്തുനാളിൽ അവൻ സിനഗോഗിലേക്കു പ്രവേശിച്ച് വായിക്കുവാനായി എഴുന്നേറ്റു നിൽക്കുകയും ചെയ്തു.

ലൂക്കൊ. 4:17 അവന് യെശയ്യാ പ്രവാചകന്റെ ചുരുൾ നൽകി. അവൻ ചുരുൾ നിവർത്തി, ഇപ്രകാരം എഴുതിയിരിക്കുന്ന സ്ഥലം കണ്ടെത്തി,

ലൂക്കൊ. 4:18 "ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ, കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; തടവുകാർക്കു വിടുതൽ പ്രഖ്യാപിക്കുവാനും, കുരുടന്മാർക്കു കാഴ്ച പ്രത്യുദ്ധരിക്കുവാനും, പീഡിതരെ വിടുതലോടെ അയയ്ക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു,

ലൂക്കൊ. 4:19 കർത്താവിന്റെ സ്വീകാര്യ വർഷം, യോബേൽ സംവത്സരം, പ്രഖ്യാപിക്കുവാൻ തന്നെ."

ലൂക്കൊ. 4:20 അവൻ ചുരുൾ അടച്ചിട്ട് പരിചാരകനു തിരികെ നൽകിയശേഷം, ഇരുന്നു. സിനഗോഗിൽ എല്ലാവരുടെയും കണ്ണുകൾ അവന്റെമേൽ പതിഞ്ഞു.

ലൂക്കൊ. 4:21 അവൻ അവരോട്, ഈ തിരുവെഴുത്ത് ഇന്നു നിങ്ങളുടെ കേൾവിയിൽ നിവൃത്തിയായിരിക്കുന്നു എന്നു പറയുവാൻ തുടങ്ങി.

ലൂക്കൊ. 4:22 എല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും, അവന്റെ വായിൽനിന്നു പുറപ്പെടുന്ന കൃപയുടെ വചനങ്ങളിൽ ആശ്ചര്യപ്പെടുകയും ചെയ്തു, ഇവൻ യോസേഫിന്റെ മകനല്ലയോ? എന്ന് അവർ പറഞ്ഞു.

പ്രവൃ. 26:16 എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു;

പ്രവൃ. 26:17 ജനത്തിൽനിന്നും ജാതികളിൽനിന്നും നിന്നെ വിടുവിച്ചുകൊണ്ട് ഞാൻ നിന്നെ,

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

പ്രവൃ. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

**I. ലേവ്യ 25:8-17-ലെ യോബേൽ സംവത്സരം യെശയ്യാവ് 61:1-3-ൽ ഒരു പ്രവചനമായി രേഖപ്പെടുത്തുകയും ലൂക്കൊസ് 4:16-22-ൽ യാഥാർഥ്യത്തിൽ നിറവേറുകയും ചെയ്തു:**

Lev 25:8~17 be omitted. see Scripture Reading.
Isa 61:1~3 be omitted. see Scripture Reading.
Luke 4:16~22 be omitted. see Scripture Reading.

A. യോബേൽ സംവത്സരത്തിൽ രണ്ട് പ്രധാന അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു: തന്റെ നഷ്ടപ്പെട്ട അവകാശത്തിലേക്കുള്ള ഓരോ മനുഷ്യന്റെയും തിരിച്ചുവരവും അടിമത്തത്തിൽ നിന്നുള്ള മോചനവും—ലേവ്യ. 25:8-17:

Lev 25:8~17 be omitted. see Scripture Reading.

1. യോബേൽ സംവത്സരത്തിൽ തന്റെ അവകാശത്തെ, നല്ലദേശത്തിന്റെ നറുക്കിട്ടു നൽകപ്പെട്ട തന്റെ ഓഹരിയെ വിറ്റ എല്ലാവരും, അതിനെ വീണ്ടെടുക്കുവാൻ യാതൊന്നും നൽകാതെ, അതിലേക്ക് തിരിച്ചുവരുകയും (വാ. 10, 13, 28), തന്നെത്താൻ അടിമത്തത്തിലേക്ക് വിറ്റ എല്ലാവരും തന്റെ സ്വാതന്ത്ര്യം തിരികെ നേടി താന്താന്റെ കുടുംബത്തിലേക്ക് മടങ്ങിവരുകയും ചെയ്തു (വാ. 39-41).

ലേവ്യ. 25:10 അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകലനിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കേണം; അതു നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം: നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം.

ലേവ്യ. 25:13 ഇങ്ങനെയുള്ള യോബേൽസംവത്സരത്തിൽ നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം.

ലേവ്യ. 25:28 എന്നാൽ മടക്കിക്കൊടുപ്പാൻ അവന്നു പ്രാപ്തിയില്ല എങ്കിൽ വിറ്റുപോയ യോബേൽസംവത്സരംവരെ വാങ്ങിയവന്റെ കയ്യിൽ ഇരിക്കേണം; യോബേൽസംവത്സരത്തിൽ അതു ഒഴിഞ്ഞുകൊടുക്കയും അവൻ തന്റെ അവകാശത്തിലേക്കു മടങ്ങിവരികയും വേണം.

ലേവ്യ. 25:39 നിന്റെ സഹോദരൻ ദരിദ്രനായ്തീർന്നു തന്നെത്താൻ നിനക്കു വിറ്റാൽ അവനെ കൊണ്ടു അടിമവേല ചെയ്യിക്കരുതു.

ലേവ്യ. 25:40 കൂലിക്കാരൻ എന്നപോലെയും വന്നുപാർക്കുന്നവൻ എന്നപോലെയും അവൻ നിന്റെ അടുക്കൽ ഇരുന്നു യോബേൽസംവത്സരംവരെ നിന്നെ സേവിക്കേണം.

ലേവ്യ. 25:41 പിന്നെ അവൻ തന്റെ മക്കളുമായി നിന്നെ വിട്ടു തന്റെ കുടുംബത്തിലേക്കു മടങ്ങിപ്പോകേണം; തന്റെ പിതാക്കന്മാരുടെ അവകാശത്തിലേക്കു അവൻ മടങ്ങിപ്പോകേണം.

2. ഒരുവന്റെ അവകാശത്തിലേക്ക് തിരിച്ചുവരുന്നതും സ്വാതന്ത്രനാക്കപ്പെട്ടിട്ട് അവന്റെ കുടുംബത്തിലേക്ക് തിരിച്ചുവരുന്നതും സൂചിപ്പിക്കുന്നത് പുതിയനിയമ യോബേലിൽ വിശ്വാസികൾ തങ്ങളുടെ നഷ്ടപ്പെട്ട ദിവ്യ അവകാശമായ ദൈവത്തിങ്കലേക്ക് മടങ്ങിവന്നിരിക്കുന്നു എന്നും, എല്ലാ ബന്ധനത്തിൽനിന്നും മോചിക്കപ്പെട്ടിരിക്കുന്നു എന്നും, അവരുടെ ദിവ്യ കുടുംബമായ സഭയിലേക്ക് മടങ്ങിവന്നിരിക്കുന്നു എന്നുമാണ്—എഫെ. 1:13-14; യോഹ. 8:32, 36; പ്ര.നി. സങ്കീ. 68:5-6.

എഫെ. 1:13 അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും

ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

യോഹ. 8:32 നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

യോഹ. 8:36 അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു.

സങ്കീ. 68:5 ദൈവം തന്റെ വിശുദ്ധനിവാസത്തിൽ അനാഥന്മാർക്കു പിതാവും വിധവമാർക്കു ന്യായപാലകനും ആകുന്നു.

സങ്കീ. 68:6 ദൈവം ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു; അവൻ ബദ്ധന്മാരെ വിടുവിച്ചു സൗഭാഗ്യത്തിലാക്കുന്നു; എന്നാൽ മത്സരികൾ വരണ്ട ദേശത്തു പാർക്കും.

B. പഴയനിയമ മുൻകുറിയിൽ യോബേൽ ഒരു വർഷം നീണ്ടുനിന്നു, എന്നാൽ നിറവേറലിൽ അത് പാപത്തിന്റെ തടവുകാരെ ദൈവം സ്വീകരിക്കുകയും (യെശ. 49:8; ലൂക്കൊ. 15:17-24; 2 കൊരി. 6:2) പാപത്തിന്റെ അടിമത്തത്തിൽ കീഴിൽ പീഡയെറ്റവർ ദൈവത്തിന്റെ രക്ഷയുടെ മോചനം ആസ്വദിക്കുകയും (റോമ. 7:14-8:2) ചെയ്യുന്ന സമയമായ കൃപയുടെ യുഗമായ പുതിയനിയമ യുഗത്തെ സൂചിപ്പിക്കുന്നു.

യെശ. 49:8 യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരം അരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു; ദേശത്തെ ഉയർത്തുവാനും ശൂന്യമായി കിടക്കുന്ന അവകാശങ്ങളെ കൈവശമാക്കിക്കൊടുപ്പാനും ബന്ധിക്കപ്പെട്ടവരോടു: ഇറങ്ങി പൊയ്ക്കൊൾവിൻ എന്നും അന്ധകാരത്തിൽ ഇരിക്കുന്നവരോടു: വെളിയിൽ വരുവിൻ എന്നും പറവാനും ഞാൻ നിന്നെ കാത്തു,

ലൂക്കൊ. 15:17 എന്നാൽ അവൻ തന്നിലേക്കു തന്നെ വന്നപ്പോൾ, അവൻ പറഞ്ഞു, എന്റെ പിതാവിന്റെ എത്ര കൂലിവേലക്കാർക്ക് അപ്പത്തിന്റെ സമൃദ്ധിയുണ്ട്, എന്നാൽ ഞാനോ ഇവിടെ ക്ഷാമത്തിൽ നശിക്കുന്നു!

ലൂക്കൊ. 15:18 ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കൽ പോകും, ഞാൻ അവനോടു പറയും, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു.

ലൂക്കൊ. 15:19 ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല; നിന്റെ കൂലിവേലക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

ലൂക്കൊ. 15:21 പുത്രൻ അവനോട്, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു; ഇനിമേൽ നിന്റെ പുത്രൻ

എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.

ലൂക്കൊ. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

ലൂക്കൊ. 15:23 തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം,

ലൂക്കൊ. 15:24 എന്തുകൊണ്ടെന്നാൽ എന്റെ ഈ പുത്രൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിക്കുന്നു; അവൻ നഷ്ടപ്പെട്ടിരുന്നു, കണ്ടെത്തിയുമിരിക്കുന്നു. അവർ ആനന്ദിക്കുവാൻ തുടങ്ങി.

2 കൊരി. 6:2 "പ്രസാദകാലത്ത് ഞാൻ നിന്നെ ശ്രവിച്ചു, രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു" എന്ന് അവൻ അരുളിച്ചെയ്യുന്നു. ഇതാ, ഇപ്പോഴാകുന്നു സുപ്രസാദകാലം; ഇതാ, ഇപ്പോഴാകുന്നു രക്ഷാദിവസം.

റോമ. 7:14 ന്യായപ്രമാണം ആത്മികം എന്ന് നാം അറിയുന്നു; ഞാനോ ജഡമയൻ, പാപത്തിന് വിൽക്കപ്പെട്ടവൻ.

റോമ. 7:15 ഞാൻ പുറപ്പെടുവിക്കുന്നതിനെ ഞാൻ അംഗീകരിക്കുന്നില്ല; ഞാൻ ഇച്ഛിക്കുന്നത്, ഞാൻ പ്രവർത്തിക്കുന്നില്ല; എന്നാൽ ഞാൻ വെറുക്കുന്നത്, ഞാൻ ചെയ്യുന്നു.

റോമ. 7:16 എന്നാൽ ഞാൻ ഇച്ഛിക്കാത്തത് ഞാൻ ചെയ്യുന്നുവെങ്കിൽ, ഞാൻ ന്യായപ്രമാണത്തോട് അത് നല്ലതെന്ന് സമ്മതിക്കുന്നു.

റോമ. 7:17 ആകയാൽ മേലാൽ അത് പുറപ്പെടുവിക്കുന്നത് ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ.

റോമ. 7:18 എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്, എന്നാൽ പുറപ്പെടുവിക്കുന്നില്ല.

റോമ. 7:19 ഞാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നത്; മറിച്ച് ഞാൻ ഇച്ഛിക്കാത്ത തിന്മയത്രേ ഞാൻ പ്രവർത്തിക്കുന്നത്.

റോമ. 7:20 എന്നാൽ ഞാൻ ഇച്ഛിക്കാത്തതിനെ ഞാൻ ചെയ്യുന്നുവെങ്കിൽ, അത് ഇനിമേൽ ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ പുറപ്പെടുവിക്കുന്നത്.

റോമ. 7:21 അപ്പോൾ എന്നോടുകൂടെ നന്മ ചെയ്യുവാൻ ഇച്ഛിക്കുന്ന പ്രമാണത്തെ ഞാൻ കണ്ടെത്തുന്നു, എന്തുകൊണ്ടെന്നാൽ തിന്മ എന്നോടുകൂടെ ഉണ്ട്.

റോമ. 7:22 അകത്തെ മനുഷ്യനൊത്തവണ്ണം ദൈവത്തിന്റെ ന്യായപ്രമാണത്തിൽ ഞാൻ ആനന്ദിക്കുന്നു,

റോമ. 7:23 എങ്കിലും എന്റെ മനസ്സിന്റെ പ്രമാണത്തോട് യുദ്ധം ചെയ്തുകൊണ്ടും, എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കൊണ്ടും എന്റെ അവയവങ്ങളിലുള്ള വ്യത്യസ്തമായൊരു പ്രമാണത്തെ ഞാൻ കാണുന്നു.

റോമ. 7:24 അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?

റോമ. 7:25 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്തോത്രം! അങ്ങനെ ഞാൻ മനസ്സുകൊണ്ട് ദൈവത്തിന്റെ പ്രമാണത്തെയും, ജഡംകൊണ്ട് പാപ പ്രമാണത്തെയും സേവിക്കുന്നു.

റോമ. 8:1 അതുകൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

C. കൃപയുടെ യുഗത്തിലുള്ള വിശ്വാസികളുടെ യോബേലിൻ ആസ്വാദനം (അവരോടുള്ള ദൈവത്തിന്റെ കൃപയായി ക്രിസ്തുവിനെ അവർ ആസ്വദിക്കുന്നത്) സഹസ്രാബ്ദത്തിൽ യോബേലിന്റെ പൂർണ്ണ ആസ്വാദനത്തിലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ സവിസ്താരമായ ആസ്വാദനത്തിലും പരിണമിക്കും—യോഹ. 1:16-17; റോമ. 5:17; ഫിലി. 3:14; വെളി. 22:1-2.

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു;...

**II. ക്രിസ്തുവിന്റെ കൃപയുടെ വചനങ്ങളാൽ നമ്മുടെ ആസ്വാദനത്തിനായി നമ്മിലേക്ക് പകരപ്പെടുന്ന കൃപയായ ക്രിസ്തുവിന്റെ യുഗമാണ് യോബേൽ സംവത്സരം; പുതിയനിയമ യോബേൽ നമ്മുടെ രക്ഷയുടെ ഹർഷോന്മാദത്തിന്റെ യുഗമാണ്—ലൂക്കൊ. 4:22; സങ്കീ. 45:2; യോഹ. 1:14-17; 2 കൊരി. 6:2:**

ലൂക്കൊ. 4:22 എല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും, അവന്റെ വായിൽനിന്നു പുറപ്പെടുന്ന കൃപയുടെ വചനങ്ങളിൽ ആശ്ചര്യപ്പെടുകയും ചെയ്തു, ഇവൻ യോസേഫിന്റെ മകനല്ലയോ? എന്ന് അവർ പറഞ്ഞു.

സങ്കീ. 45:2 നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ; ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു; അതുകൊണ്ടു ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ,

പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:15 എനിക്കു ശേഷം വരുന്നവൻ, എനിക്കു മുമ്പേ ആയിരുന്നതിനാൽ, അവൻ എന്റെ മുമ്പിലായിത്തീർന്നിരിക്കുന്നു എന്ന് ഞാൻ പറഞ്ഞത് ഇവനെക്കുറിച്ചായിരുന്നു എന്ന് വിളിച്ചുപറഞ്ഞ് യോഹന്നാൻ അവനെക്കുറിച്ചു സാക്ഷ്യപ്പെടുത്തി.

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

2 കൊരി. 6:2 “പ്രസാദകാലത്ത് ഞാൻ നിന്നെ ശ്രവിച്ചു, രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു” എന്ന് അവൻ അരുളിച്ചെയ്യുന്നു. ഇതാ, ഇപ്പോഴാകുന്നു സുപ്രസാദകാലം; ഇതാ, ഇപ്പോഴാകുന്നു രക്ഷാദിവസം.

A. പുതിയനിയമ യുഗം ഹർഷോന്മാദത്തിന്റെ യുഗവും, ഒരു ക്രിസ്ത്യാനി ഹർഷോന്മാദത്തിലുള്ള ഒരു വ്യക്തിയുമാണ്; ദൈവമുമ്പാകെ നാം ഒരിക്കലും ഹർഷോന്മാദത്തിലായിരുന്നിട്ടില്ലെങ്കിൽ, നമുക്ക് ദൈവത്തിന്റെ മതിയായ ആസ്വാദനം ഇല്ലെന്ന് ഇത് കാണിക്കുന്നു—5:13; പ്രവൃ. 11:5; 22:17; സങ്കീ. 43:4; 51:12; 1 പത്രൊ. 1:8; യെശ. 12:3-6.

2 കൊരി. 5:13 ഞങ്ങൾ സുബോധമില്ലാത്തവർ ആയിരുന്നുവെങ്കിൽ, അത് ദൈവമുമ്പാകെ ആയിരുന്നു; ഞങ്ങൾ സുബോധമുള്ളവരാകുന്നു എങ്കിൽ, അത് നിങ്ങൾക്കുവേണ്ടി ആകുന്നു.

പ്രവൃ. 11:5 ഞാൻ യോപ്പ പട്ടണത്തിൽ പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ, സ്വർഗത്തിൽനിന്ന് വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണുകളാൽ താഴ്ത്തിക്കൊണ്ട് ഇറങ്ങുന്ന ഒരു ദർശനം ഞാൻ വിവശതയിൽ കണ്ടു; അത് എന്റെ അടുക്കലോളം വന്നു.

പ്രവൃ. 22:17 പിന്നെ ഞാൻ യെരൂശലേമിലേക്കു മടങ്ങിവന്നു ദൈവാലയത്തിൽ പ്രാർഥിക്കുമ്പോൾ ഒരു വിവശതയിലേക്കു പ്രവേശിച്ചു;

സങ്കീ. 43:4 ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്കു, എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലും; ദൈവമേ, എന്റെ ദൈവമേ, കിന്നരംകൊണ്ടു ഞാൻ നിന്നെ സ്തുതിക്കും.

സങ്കീ. 51:12 നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ.

1 പത്രൊ. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

യെശ. 12:3 അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും.

യെശ. 12:4 അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.

യെശ. 12:5 യഹോവെക്കു കീർത്തനം ചെയ്വിൻ; അവൻ ശ്രേഷ്ഠമായതു

ചെയ്തിരിക്കുന്നു; ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായ്വരട്ടെ.

യെശ. 12:6 സീയോൻ നിവാസികളേ, യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ..

B. *യോബേൽ* അർഥമാക്കുന്നത് വ്യസനമോ ഉൽക്കണ്ഠയോ ഇല്ല, ആകുലതയോ കരുതലോ ഇല്ല, അഭാവമോ കുറവോ ഇല്ല, രോഗമോ ദുരിതമോ ഇല്ല, യാതൊരു വിധ പ്രശ്നങ്ങളും ഇല്ല, പകരം എല്ലാ ആനുകൂല്യങ്ങളും ഉണ്ടെന്നാണ്; തന്മൂലം, എല്ലാ കാര്യങ്ങളും നമ്മുടെ ഹൃദയത്തിന് സുഖകരവും തൃപ്തികരവുമാണ്, നാം ഉൽക്കണ്ഠയിൽനിന്നും സ്വതന്ത്രരും, സ്വസ്ഥരും, ആവേശഭരിതരും, ആഹ്ലാദഭരിതരുമാണ്—സങ്കീ. 103:1-5; 116:1-7, 12-13, 17-19.

സങ്കീ. 103:1 ദാവീദിന്റെ ഒരു സങ്കീർത്തനം. എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.

സങ്കീ. 103:2 എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.

സങ്കീ. 103:3 അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു;

സങ്കീ. 103:4 അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.

സങ്കീ. 103:5 നിന്റെ യൌവനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തിവരുത്തുന്നു.

സങ്കീ. 116:1 യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.

സങ്കീ. 116:2 അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും.

സങ്കീ. 116:3 മരണപാശങ്ങൾ എന്നെ ചുറ്റി, പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു.

സങ്കീ. 116:4 അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു.

സങ്കീ. 116:5 യഹോവ കൃപയും നീതിയും ഉള്ളവൻ; നമ്മുടെ ദൈവം കരുണയുള്ളവൻ തന്നേ.

സങ്കീ. 116:6 യഹോവ അല്പബുദ്ധികളെ പാലിക്കുന്നു; ഞാൻ എളിമപ്പെട്ടു, അവൻ എന്നെ രക്ഷിച്ചു.

സങ്കീ. 116:7 എൻ മനമേ, നീ വീണ്ടും സ്വസ്ഥമായിരിക്ക; യഹോവ നിനക്കു ഉപകാരം ചെയ്തിരിക്കുന്നു.

സങ്കീ. 116:12 യഹോവ എനിക്കു ചെയ്ത സകലഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും?

സങ്കീ. 116:13 ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

സങ്കീ. 116:17 ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ചു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

സങ്കീ. 116:18 യഹോവയുടെ ആലയത്തിന്റെ പ്രാകാരങ്ങളിലും യെരൂശലേമേ, നിന്റെ നടുവിലും

സങ്കീ. 116:19 ഞാൻ യഹോവെക്കു എന്റെ നേർച്ചകളെ അവന്റെ സകലജനവും കാൺകെ കഴിക്കും. യഹോവയെ സ്തുതിപ്പിൻ.

C. കർത്താവായ യേശുവിനെ നമ്മുടെ ഉള്ളിലെ യഥാർഥ യോബേലായി നാം സ്വീകരിക്കണം; നമുക്ക് അവനുണ്ടെങ്കിൽ, നമ്മുടെ അവകാശമായി നമുക്ക് ദൈവമുണ്ടായിരിക്കുകയും, യഥാർഥ സ്വാതന്ത്ര്യവും വിശ്രമവും ഉണ്ടായിരിക്കുവാൻ പാപത്തിന്റെയും സാത്താന്റെയും ബന്ധനത്തിൽനിന്ന് വിടുവിക്കപ്പെടുവാൻ കഴിയുകയും ചെയ്യും—പ്രവൃ. 26:18; എഫെ. 1:13-14; കൊലൊ. 1:12; മത്താ. 11:28; യോഹ. 8:32, 36:

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

എഫെ. 1:13 അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

യോഹ. 8:32 നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

യോഹ. 8:36 അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു.

1. നമ്മുടെ രക്ഷകനും ജീവനുമായി നാം ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ, നമ്മുടെ യോബേലിയായിരിക്കുവാൻ അവൻ നമ്മുടെ ഉള്ളിലേക്ക് വരുന്നു, എന്നാൽ നമ്മിൽ ജീവിക്കുവാൻ നാം അവനെ അനുവദിക്കുകയും അവനാൽ നാം ജീവിക്കുകയും ചെയ്യാത്തിടത്തോളം, പ്രായോഗികമായി നാം യോബേലിൽ ജീവിക്കുന്നില്ല—വാ. 11-12.

   യോഹ. 8:11 ആരും ഇല്ല കർത്താവേ എന്ന് അവൾ പറഞ്ഞു. യേശു അവളോട്, ഞാനും നിന്നെ ശിക്ഷവിധിക്കുന്നില്ല; പോകുക, ഇനിമേൽ പാപം ചെയ്യരുത് എന്നു പറഞ്ഞു.

   യോഹ. 8:12 അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു.

2. നമ്മുടെ ഹൃദയം കർത്താവല്ലാത്ത ഏതെങ്കിലും വ്യക്തിയിലോ, വസ്തുവിലോ, കാര്യത്തിലോ ഉറച്ചിരിക്കുന്നുവെങ്കിൽ, അത്

വിഗ്രഹാരാധനയാണ്, അതിന്റെ അവസാനം അരിഷ്ടതയാണ്—1 യോഹ. 5:21; പ്ര.നി. യെഹെ. 14:3, 5; 6:9.

1 യോഹ. 5:21 കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന് നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളുവിൻ.

യെഹെ. 14:3 മനുഷ്യപുത്രാ, ഈ പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ചു തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; അവർ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ?

യെഹെ. 14:5 യഹോവയായ ഞാൻ തന്നേ യിസ്രായേൽഗൃഹത്തെ അവരുടെ ഹൃദയത്തിൽ പിടിക്കേണ്ടതിന്നു അവന്റെ വിഗ്രഹങ്ങളുടെ ബാഹുല്യത്തിന്നു തക്കവണ്ണം ഉത്തരം അരുളും; അവർ എല്ലാവരും തങ്ങളുടെ വിഗ്രഹങ്ങൾനിമിത്തം എന്നെ വിട്ടകന്നിരിക്കുന്നുവല്ലോ.

യെഹെ. 6:9 എന്നെ വിട്ടകന്നു പരസംഗം ചെയ്യുന്ന അവരുടെ ഹൃദയത്തെയും വിഗ്രഹങ്ങളോടു ചേർന്നു പരസംഗം ചെയ്യുന്ന അവരുടെ കണ്ണുകളെയും ഞാൻ തകർത്തുകളഞ്ഞശേഷം, നിങ്ങളിൽ ചാടിപ്പോയവർ, അവരെ പിടിച്ചു കൊണ്ടുപോയ ജാതികളുടെ ഇടയിൽവെച്ചു എന്നെ ഓർക്കും; അവരുടെ സകലമ്ലേച്ഛതകളാലും ചെയ്ത ദോഷങ്ങൾ നിമിത്തം അവർക്കു തങ്ങളോടു തന്നേ വെറുപ്പുതോന്നും.

3. നമ്മിൽ ജീവിക്കുവാൻ നാം ക്രിസ്തുവിനെ അനുവദിക്കുകയും അവനാൽ നാം ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ, സകലവും നമ്മുടെ സംതൃപ്തിക്കാണ്; അല്ലെങ്കിൽ, സകലവും പ്രശ്നമാണ്, യാതൊന്നും യോബേലല്ല.

D. നമ്മുടെ ആസ്വാദനമായി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നാം നേടിയതിനുശേഷം മാത്രമേ സകലവും നമുക്ക് തൃപ്തികരമായിരിക്കുകയുള്ളൂ; എല്ലാത്തരം സാഹചര്യങ്ങളെയും നാം അഭിമുഖീകരിക്കുമ്പോൾ പുറമെയുള്ള വ്യക്തികളോ, കാര്യങ്ങളോ, വസ്തുക്കളോ അല്ല, മറിച്ച് നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവാണ് ശാന്തരും ദുഃഖങ്ങളില്ലാത്തവരുമായിരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്—ഫിലി. 3:8-9; 4:5-8, 11-13.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ

ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:8 ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ.

ഫിലി. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

ഫിലി. 4:12 താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

**III. ലൂക്കൊസ് 4-ലെ യോബേലിന്റെ പ്രഖ്യാപനം ലൂക്കൊസിന്റെ മുഴുവൻ സുവിശേഷത്തിന്റെയും കേന്ദ്ര ചിന്തയെ നിയന്ത്രിക്കുന്നു; ലൂക്കൊസ് 10-ലെ ശമര്യാക്കാരന്റെയും ലൂക്കൊസ് 15-ലെ ധൂർത്തുപുത്രന്റെയും ഉപമകൾ യോബേലിന്റെ മികച്ച ഉദാഹരണങ്ങളാണ്:**

Luke 4 be omitted.
Luke 10 be omitted.
Luke 15 be omitted.

A. നല്ല ശമര്യാക്കാരന്റെ ഉപമയിൽ അവതരിപ്പിച്ചിരിക്കുന്ന മനുഷ്യ-രക്ഷകൻ അവന്റെ മാനുഷിക നന്മകളോടുകൂടിയ അവന്റെ ദിവ്യ സദ്ഗുണങ്ങളുടെ ആവിഷ്കാരത്തെ സൂചിപ്പിക്കുന്നു—10:25-37:

ലൂക്കൊ. 10:25 ഇതാ, ന്യായശാസ്ത്രിയായ ഒരുവൻ എഴുന്നേറ്റു, ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം? എന്നു ചോദിച്ചുകൊണ്ട് അവനെ പരീക്ഷിച്ചു.

ലൂക്കൊ. 10:26 അവൻ അവനോട്, ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എങ്ങനെ വായിക്കുന്നു? എന്നു ചോദിച്ചു.

ലൂക്കൊ. 10:27 അവൻ ഉത്തരം നൽകി: “നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും നിന്റെ പൂർണ ദേഹികൊണ്ടും നിന്റെ പൂർണ ശക്തികൊണ്ടും നിന്റെ പൂർണ മനസ്സുകൊണ്ടും, പിന്നെ നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെയും നീ സ്നേഹിക്കേണം” എന്നു പറഞ്ഞു.

ലൂക്കൊ. 10:28 അവൻ അവനോട്, നീ ശരിയായി ഉത്തരം നൽകിയിരിക്കുന്നു; ഇതു ചെയ്യുക, നിനക്കു ജീവൻ ഉണ്ടാകും എന്നു പറഞ്ഞു.

ലൂക്കൊ. 10:29 എന്നാൽ അവൻ തന്നെത്തന്നെ നീതീകരിക്കുവാൻ ഇച്ഛിച്ചുകൊണ്ട്, യേശുവിനോട്, ആരാകുന്നു എന്റെ അയൽക്കാരൻ? എന്നു ചോദിച്ചു.

ലൂക്കൊ. 10:30 യേശു ആ ചോദ്യം ഏറ്റെടുത്തുകൊണ്ടു പറഞ്ഞു, ഒരു മനുഷ്യൻ യെരൂശലേമിൽനിന്ന് താഴെ യെരീഹോവിലേക്കു യാത്ര ചെയ്യുകയായിരുന്നു, അവൻ കൊള്ളക്കാരുടെ ഇടയിൽ അകപ്പെട്ടു, അവർ അവനെ വിവസ്ത്രനാക്കുകയും തല്ലുകയും ചെയ്തിട്ട്, അവനെ അർധപ്രാണനായി വിട്ടേച്ചു പോയി.

ലൂക്കൊ. 10:31 യാദൃച്ഛികമായി ഒരു പുരോഹിതൻ ആ വഴിയായി താഴേക്കു പോകുകയായിരുന്നു; അവനെ കണ്ടപ്പോൾ, അവൻ എതിർവശത്തുകൂടി കടന്നുപോയി.

ലൂക്കൊ. 10:32 അതുപോലെതന്നെ ഒരു ലേവ്യനും, ആ സ്ഥലത്തു വന്ന് അവനെ കണ്ടപ്പോൾ, എതിർവശത്തുകൂടി കടന്നുപോയി.

ലൂക്കൊ. 10:33 എന്നാൽ യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു ശമര്യാക്കാരൻ, അവന്റെ അടുക്കൽ വരുകയും, അവനെ കണ്ടപ്പോൾ അവനു മനസ്സലിവുണ്ടാകുകയും ചെയ്തു;

ലൂക്കൊ. 10:34 അവന്റെ അടുക്കൽ വന്ന് അവൻ മുറിവുകൾ കെട്ടി, അതിന്മേൽ എണ്ണയും വീഞ്ഞും ഒഴിച്ചു, തന്റെ സ്വന്തം മൃഗത്തിന്മേൽ അവനെ വച്ചുകൊണ്ട്, ഒരു സത്രത്തിലേക്കു കൊണ്ടുവന്ന്, അവനെ പരിചരിച്ചു.

ലൂക്കൊ. 10:35 അടുത്ത ദിവസം അവൻ രണ്ടു ദിനാരിയോൻ പുറത്തെടുത്തു സത്രം സൂക്ഷിപ്പുകാരനു കൊടുത്തിട്ട്, അവനെ കരുതിക്കൊള്ളുക; ഇതിൽ കൂടുതലായി നീ എന്തു തന്നെ ചെലവാക്കിയാലും, ഞാൻ മടങ്ങിവരുമ്പോൾ നിനക്കു തിരികെ നൽകും എന്നു പറഞ്ഞു.

ലൂക്കൊ. 10:36 കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ടവന്, ഈ മൂന്നുപേരിൽ ആർ അയൽക്കാരനായിത്തീർന്നിരിക്കുന്നു എന്നു നിനക്കു തോന്നുന്നു?

ലൂക്കൊ. 10:37 അവനോടു കരുണ കാണിച്ചവൻ എന്ന് അവൻ പറഞ്ഞു. യേശു അവനോട്, പോകുക, നീയും അങ്ങനെതന്നെ ചെയ്യുക എന്നു പറഞ്ഞു.

1. നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്നതും പാപിയെ രക്ഷിക്കുന്നതുമായ തന്റെ ശുശ്രൂഷാ യാത്രയിൽ (19:10), യെഹൂദ കൊള്ളക്കാരാൽ മുറിവേറ്റിട്ട്, ദയനീയവും മരിക്കുന്നതുമായ അവസ്ഥയിൽ മുറിവേറ്റ പീഡിതൻ കിടന്ന സ്ഥലത്തേക്ക് മനുഷ്യ-രക്ഷകൻ ഇറങ്ങിവന്നു.

    ലൂക്കൊ. 19:10 നഷ്ടപ്പെട്ടതിനെ അന്വേഷിക്കുവാനും രക്ഷിക്കുവാനുമല്ലോ മനുഷ്യപുത്രൻ വന്നിരിക്കുന്നത്.

2. മനുഷ്യ-രക്ഷകൻ അവനെ കണ്ടപ്പോൾ, അവന്റെ ദിവ്യത്വത്തോടുകൂടിയ അവന്റെ മനുഷ്യത്വത്തിൽ അവന് മനസ്സലിവുണ്ടാകുകയും അവന്റെ അടിയന്തിര ആവശ്യം പൂർണ്ണമായി നിറവേറ്റിക്കൊണ്ട് ആർദ്രമായ സൗഖ്യവും രക്ഷാകരമായ പരിചരണവും അവന് നൽകുകയും ചെയ്തു—10:33-35.

    ലൂക്കൊ. 10:33 എന്നാൽ യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു ശമര്യാക്കാരൻ, അവന്റെ അടുക്കൽ വരുകയും, അവനെ കണ്ടപ്പോൾ അവനു മനസ്സലിവുണ്ടാകുകയും ചെയ്തു;

    ലൂക്കൊ. 10:34 അവന്റെ അടുക്കൽ വന്ന് അവൻ മുറിവുകൾ കെട്ടി, അതിന്മേൽ എണ്ണയും വീഞ്ഞും ഒഴിച്ചു, തന്റെ സ്വന്തം മൃഗത്തിന്മേൽ അവനെ വച്ചുകൊണ്ട്, ഒരു സത്രത്തിലേക്കു കൊണ്ടുവന്ന്, അവനെ പരിചരിച്ചു.

ലൂക്കൊ. 10:35 അടുത്ത ദിവസം അവൻ രണ്ടു ദിനാരിയോൻ പുറത്തെടുത്തു സത്രം സൂക്ഷിപ്പുകാരനു കൊടുത്തിട്ട്, അവനെ കരുതിക്കൊള്ളുക; ഇതിൽ കൂടുതലായി നീ എന്തു തന്നെ ചെലവാക്കിയാലും, ഞാൻ മടങ്ങിവരുമ്പോൾ നിനക്കു തിരികെ നൽകും എന്നു പറഞ്ഞു.

B. ധൂർത്തുപുത്രന്റെ ഉപമയിൽ അവതരിപ്പിച്ചിരിക്കുന്ന മനുഷ്യ-രക്ഷകൻ തന്റെ മേയിച്ചുകൊണ്ടുള്ള അന്വേഷണത്തെയും, പിതാവിന്റെ സ്നേഹമുള്ളതും, ക്ഷമിക്കുന്നതും, മനസ്സലിവുള്ളതുമായ ഹൃദയത്തോടുകൂടെ രക്ഷിക്കുന്ന ആത്മാവിനെയും കാണിക്കുന്നു—15:11-32; പ്ര.നി. 9:55-56:

ലൂക്കൊ. 15:11 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു.

ലൂക്കൊ. 15:12 അവരിൽ ഇളയവൻ പിതാവിനോട്, പിതാവേ, സ്വത്തിൽ എന്റെ വകയിൽവരുന്ന പങ്കിനെ എനിക്കു നൽകേണം എന്നു പറഞ്ഞു. അവനോ തന്റെ ജീവനത്തെ അവർക്കു വിതരണം ചെയ്തു.

ലൂക്കൊ. 15:13 ഏറെനാൾ കഴിയും മുമ്പേ, ഇളയ പുത്രൻ എല്ലാം ഒന്നിച്ചു കൂട്ടിയിട്ട്, വിദേശത്ത്, ദൂരെയുള്ള ഒരു ദേശത്തേക്കു പോകുകയും, അവിടെ ദുർന്നടപ്പിൽ ജീവിച്ചുകൊണ്ട് തന്റെ സ്വത്ത് ധൂർത്തടിക്കുകയും ചെയ്തു.

ലൂക്കൊ. 15:14 അവൻ എല്ലാം ചെലവാക്കി കഴിഞ്ഞപ്പോൾ, ആ ദേശത്തെമ്പാടും കഠിനക്ഷാമം ഉണ്ടായി, അവൻ ബുദ്ധിമുട്ടിൽ ആകുവാൻ തുടങ്ങി.

ലൂക്കൊ. 15:15 അവൻ പുറപ്പെട്ട് ആ ദേശത്തിലെ ഒരു പൗരനോട് അവനെത്തന്നെ ചേർത്തു; അവൻ പന്നികളെ തീറ്റുവാൻ തന്റെ വയലുകളിലേക്ക് അവനെ അയച്ചു.

ലൂക്കൊ. 15:16 അവൻ പന്നികൾ തിന്നിരുന്ന വാളവര കൊണ്ട് തൃപ്തിപ്പെടുവാൻ വാഞ്ഛിച്ചു, ആരും അവന് ഒന്നും കൊടുത്തതുമില്ല.

ലൂക്കൊ. 15:17 എന്നാൽ അവൻ തന്നിലേക്കു തന്നെ വന്നപ്പോൾ, അവൻ പറഞ്ഞു, എന്റെ പിതാവിന്റെ എത്ര കൂലിവേലക്കാർക്ക് അപ്പത്തിന്റെ സമൃദ്ധിയുണ്ട്, എന്നാൽ ഞാനോ ഇവിടെ ക്ഷാമത്തിൽ നശിക്കുന്നു!

ലൂക്കൊ. 15:18 ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കൽ പോകും, ഞാൻ അവനോടു പറയും, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു.

ലൂക്കൊ. 15:19 ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല; നിന്റെ കൂലിവേലക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

ലൂക്കൊ. 15:21 പുത്രൻ അവനോട്, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു; ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.

ലൂക്കൊ. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

ലൂക്കൊ. 15:23 തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം,

ലൂക്കൊ. 15:24 എന്തുകൊണ്ടെന്നാൽ എന്റെ ഈ പുത്രൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിക്കുന്നു; അവൻ നഷ്ടപ്പെട്ടിരുന്നു, കണ്ടെത്തിയുമിരിക്കുന്നു. അവർ ആനന്ദിക്കുവാൻ തുടങ്ങി.

ലൂക്കൊ. 15:25 അവന്റെ മൂത്ത പുത്രനാകട്ടെ വയലിലായിരുന്നു. അവൻ വീടിനു അരികിലേക്കു വന്നുകൊണ്ടിരിക്കുമ്പോൾ, സംഗീതവും നൃത്തവും കേട്ടു,

ലൂക്കൊ. 15:26 അവൻ ബാല്യക്കാരിൽ ഒരുവനെ തന്റെ അടുക്കൽ വിളിച്ചിട്ട്, ഇതെല്ലാം എന്തായിരിക്കാം എന്ന് ആരാഞ്ഞു.

ലൂക്കൊ. 15:27 അവൻ അവനോട്, നിന്റെ സഹോദരൻ വന്നിരിക്കുന്നു, അവനെ ആരോഗ്യത്തോടെ തിരികെ ലഭിച്ചതിനാൽ, നിന്റെ പിതാവു തടിപ്പിച്ച കാളക്കുട്ടിയെ അറുത്തിരിക്കുന്നു എന്നു പറഞ്ഞു.

ലൂക്കൊ. 15:28 എന്നാൽ അവനു കോപം ഉണ്ടായി, പ്രവേശിക്കുവാൻ ഇച്ഛിച്ചതുമില്ല. അവന്റെ പിതാവ് പുറത്തു വന്ന് അവനോട് അഭ്യർഥിച്ചു.

ലൂക്കൊ. 15:29 എന്നാൽ അവൻ തന്റെ പിതാവിനോട് ഉത്തരം പറഞ്ഞു, ഇതാ, അനേകം വർഷങ്ങളായി ഞാൻ നിനക്കു വേണ്ടി അടിമയെപ്പോലെ സേവിച്ചുവരുന്നു, ഒരിക്കലും നിന്റെ കൽപന അവഗണിച്ചിട്ടില്ല, എന്റെ സ്നേഹിതന്മാരോടുകൂടെ ആനന്ദിക്കേണ്ടതിന് നീ എനിക്ക് ഒരിക്കലും ഒരു കോലാടിനെ നൽകീട്ടുമില്ല;

ലൂക്കൊ. 15:30 എന്നാൽ വേശ്യമാരോടുകൂടെ നിന്റെ ജീവനത്തെ വിഴുങ്ങിക്കളഞ്ഞ നിന്റെ ഈ പുത്രൻ വന്നപ്പോൾ, തടിപ്പിച്ച കാളക്കുട്ടിയെ നീ അവനായി അറുത്തു.

ലൂക്കൊ. 15:31 അവൻ അവനോടു പറഞ്ഞു, കുഞ്ഞേ, നീ എന്നോടുകൂടെ എപ്പോഴും ഉണ്ടല്ലോ, എന്റേതെല്ലാം നിന്റേതാകുന്നു.

ലൂക്കൊ. 15:32 എന്നാൽ നിന്റെ ഈ സഹോദരൻ മരിച്ചവനായിരുന്നു, ജീവനിലേക്കു വന്നിരിക്കുന്നു, അവൻ നഷ്ടപ്പെട്ടിരുന്നു കണ്ടെത്തിയുമിരിക്കുന്നു, അതുകൊണ്ട് ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യേണമായിരുന്നു.

ലൂക്കൊ. 9:55 എന്നാൽ തിരിഞ്ഞിട്ട്, അവൻ അവരെ ശാസിച്ചു പറഞ്ഞു, നിങ്ങൾ എത്തരത്തിലുള്ള ആത്മാവിലാകുന്നു എന്നു നിങ്ങൾ അറിയുന്നില്ല.

ലൂക്കൊ. 9:56 മനുഷ്യപുത്രൻ മനുഷ്യരുടെ ജീവനെ നശിപ്പിക്കുവാനല്ല രക്ഷിക്കുവാനത്രേ വന്നത്. പിന്നെ അവർ മറ്റൊരു ഗ്രാമത്തിലേക്കു പോയി.

1. ഒരു ദിവസം ധൂർത്തുപുത്രൻ തന്റെ അവകാശത്തിലേക്കും തന്റെ പിതാവിന്റെ ഭവനത്തിലേക്കും മടങ്ങിവന്നു; അതൊരു യോബേൽ, ഒരു

വിമോചനം, ആയിരുന്നു, അങ്ങനെ സകലവും സന്തോഷകരവും തൃപ്തികരവുമായിത്തീർന്നു—15:20, 24; പ്ര.നി. ലേവ്യ. 25:10-12.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

ലൂക്കൊ. 15:24 എന്തുകൊണ്ടെന്നാൽ എന്റെ ഈ പുത്രൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിക്കുന്നു; അവൻ നഷ്ടപ്പെട്ടിരുന്നു, കണ്ടെത്തിയുമിരിക്കുന്നു. അവർ ആനന്ദിക്കുവാൻ തുടങ്ങി.

ലേവ്യ. 25:10 അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകലനിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കേണം; അതു നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം: നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം.

ലേവ്യ. 25:11 അമ്പതാം സംവത്സരം നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം; അതിൽ നിങ്ങൾ വിതെക്കയോ പടുവിളവു കൊയ്കയോ വള്ളിത്തല മുറിക്കാത്ത മുന്തിരിവള്ളിയുടെ പഴം പറിക്കയോ ചെയ്യരുതു.

ലേവ്യ. 25:12 അതു യോബേൽസംവത്സരം ആകുന്നു; അതു നിങ്ങൾക്കു വിശുദ്ധമായിരിക്കേണം; ആയാണ്ടത്തെ അനുഭവം നിങ്ങൾ വയലിൽനിന്നുതന്നേ എടുത്തു തിന്നേണം.

2. രക്ഷിക്കപ്പെടുകയെന്നാൽ നമ്മുടെ അവകാശത്തിലേക്ക് മടങ്ങിവരുകയും, ദൈവത്തിലേക്ക് മടങ്ങിവരുകയും, ദൈവത്തിലേക്ക് മടങ്ങിവന്നുകൊണ്ട് നമ്മുടെ അവകാശമായി അവനെ പുതുതായി ആസ്വദിക്കുകയും ചെയ്യുന്നതാണ് (എഫെ. 1:13-14); രക്ഷിക്കപ്പെടുന്നത് ദൈവത്തെ നേടുന്നതാണ്; ദൈവം ഉള്ളപ്പോൾ നമുക്ക് എല്ലാമുണ്ട്; ദൈവമില്ലെങ്കിൽ നമുക്ക് ഒന്നുമില്ല (കൊലൊ. 1:12).

എഫെ. 1:13 അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

3. ദൈവം ക്രിസ്തുവിൽ നമ്മുടെ അനുഗൃഹീത ഒഹരിയായിത്തീർന്നിരിക്കുന്നു, എന്നാൽ അനേകം ക്രിസ്ത്യാനികൾ ദൈവത്തെ അവരുടെ ഒഹരിയായി എടുത്തിട്ട് “സ്വിച്ച് ഓൺ”

ചെയ്യാത്തതുകൊണ്ട് അവർ അസന്തുഷ്ടരും പ്രകാശിക്കാത്ത വിളക്കുകൾ പോലെയുമാണ്—എഫെ. 4:18; ഫിലി. 2:12-16.

എഫെ. 4:18 അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു;

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

ഫിലി. 2:14 വക്രവും വികടവുമായ തലമുറയുടെ മധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ.

ഫിലി. 2:15 ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു,

ഫിലി. 2:16 അങ്ങനെ ഞാൻ വ്യർഥമായി ഓടിയതുമില്ല വ്യർഥമായി അധ്വാനിച്ചതുമില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകുമല്ലോ.

4. പിതാവ് പുത്രനെ സ്വീകരിച്ചതും പുത്രൻ തന്റെ പിതാവിലേക്കും അവന്റെ പിതാവിന്റെ ഭവനത്തിലേക്കും മടങ്ങിവന്നതും പുത്രന് യോബേൽ സംവത്സരം, കൃപയുടെ സംവത്സരം ആയിരുന്നു—ലൂക്കൊ. 15:20.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

5. അനുതപിക്കുകയും മടങ്ങിവരുകയും ചെയ്ത ധൂർത്തുപുത്രന്മാരുടെ ആസ്വാദനത്തിന് ക്രിസ്തുവിൽ ദൈവം തടിപ്പിച്ച കാളക്കുട്ടിയായിത്തീർന്നിരിക്കുന്നു—വാ. 23.

ലൂക്കൊ. 15:23 തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം,

6. ഇത് ലേവ്യ 25:11-12-നോട് യോജിക്കുന്നു; യോബേൽ സംവത്സരത്തിൽ ജനം വിതയ്ക്കുവാനോ കൊയ്യുവാനോ പാടില്ലെന്നും, തിന്നുകയും ആസ്വദിക്കുകയും മാത്രം ചെയ്യണമെന്നും അതു പറയുന്നു; ഒരിക്കൽ നാം മാനസാന്തരപ്പെട്ട് കർത്താവായ യേശുവിനെ സ്വീകരിച്ചുകൊണ്ട് ദൈവത്തിലേക്ക് മടങ്ങുമ്പോൾ, ഉള്ളിൽ നാം ദൈവത്തെ പ്രാപിക്കുന്നു, ഇത് നമ്മുടെ യോബേലിന്റെ തുടക്കമാണ്.

ലേവ്യ. 25:11 അമ്പതാം സംവത്സരം നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം; അതിൽ നിങ്ങൾ

വിതെക്കയോ പടുവിളവു കൊയ്കയോ വള്ളിത്തല മുറിക്കാത്ത മുന്തിരിവള്ളിയുടെ പഴം പറിക്കയോ ചെയ്യരുതു.

ലേവ്യ. 25:12 അതു യോബേൽസംവത്സരം ആകുന്നു; അതു നിങ്ങൾക്കു വിശുദ്ധമായിരിക്കേണം; ആയാണ്ടത്തെ അനുഭവം നിങ്ങൾ വയലിൽനിന്നുതന്നേ എടുത്തു തിന്നേണം.

7. നാം പിതാവിന്റെ കൂലിക്കെടുത്ത ദാസന്മാരല്ല, അവന്റെ ആസ്വദിക്കുന്ന പുത്രന്മാരാണ്; ഇപ്പോൾ മുതൽ നിത്യത വരെ നമുക്ക് ദൈവത്തെ നമ്മുടെ അവകാശമായി നിരന്തരം ആസ്വദിക്കുവാൻ കഴിയും.

**IV. പുതിയനിയമ യോബേലിന്റെ സ്വാതന്ത്ര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും യാഥാർഥ്യമായി ക്രിസ്തുവിനെ നാം ആസ്വദിക്കണം—ലൂക്കൊ. 4:18-19:**

ലൂക്കൊ. 4:18 "ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ, കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; തടവുകാർക്കു വിടുതൽ പ്രഖ്യാപിക്കുവാനും, കുരുടന്മാർക്കു കാഴ്ച പ്രത്യുദ്ധരിക്കുവാനും, പീഡിതരെ വിടുതലോടെ അയയ്ക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു,

ലൂക്കൊ. 4:19 കർത്താവിന്റെ സ്വീകാര്യ വർഷം, യോബേൽ സംവത്സരം, പ്രഖ്യാപിക്കുവാൻ തന്നെ."

A. യോബേലിന്റെ യാഥാർഥ്യമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിന്, കർത്താവിന്റെ വചനം കേൾക്കുവാനും അവനെക്കൊണ്ട് സന്നിവേശിപ്പിക്കപ്പെടുവാനും നാം ദിവസംതോറും അവനോടുകൂടെ സമയം ചെലവഴിക്കണം; കർത്താവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം ശ്രവിച്ചുകൊണ്ടിരുന്ന മറിയയുടെ മാതൃക നാം പിന്തുടരണം—10:39:

ലൂക്കൊ. 10:39 അവൾക്കു മറിയ എന്നു വിളിക്കപ്പെട്ട ഒരു സഹോദരി ഉണ്ടായിരുന്നു, അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം ശ്രവിച്ചുകൊണ്ടിരുന്നു.

1. അവൾ മറ്റാരുടെയും കാൽക്കലല്ല, *കർത്താവായ യേശുവിന്റെ* കാൽക്കൽ ആയിരുന്നു; അവൾ കർത്താവിനടുത്തേക്ക് വരുകയായിരുന്നു; നിമിഷംപ്രതി അവന്റെ അടുക്കൽ വരികയും, അവനെ സ്നേഹിക്കുകയും, അവനെ ആരാധിക്കുകയും, ഇടവിടാതെ അവനുമായി കൂട്ടായ്മ ആചരിക്കുകയും, അവന്റെ സാന്നിധ്യത്തിൽ നിലനിൽക്കുകയും ചെയ്യുന്നതിനെക്കാൾ മികച്ച ഒരു മാർഗവുമില്ല.
2. അവൾ കർത്താവിന്റെ *കാൽക്കൽ* ഇരുന്നു, അതായത്, കർത്താവിനെ കൃപയായി സ്വീകരിക്കുന്നതിന് അവൾ അവളെത്തന്നെ ഒരു എളിയ സ്ഥാനത്ത് നിർത്തി (1 പത്രൊ. 5:5); താഴ്മ എന്നത് നമ്മെത്തന്നെ താഴ്ത്തിക്കെട്ടുന്നതല്ല; താഴ്മ നമ്മെത്തന്നെ അവഗണിക്കുകയും, നമ്മെത്തന്നെ നിരാകരിക്കുകയും, നമ്മെത്തന്നെ ഒന്നുമല്ലെന്ന് കരുതുകയും ചെയ്യുന്നതാണ്.

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

3. അവൾ *താഴെ ഇരിക്കുകയായിരുന്നു*, കർത്താവിന്റെ മുമ്പാകെ സ്വൈര്യമായിരിക്കുന്നത് പലപ്പോഴും ആത്മിക ബലത്തിന്റെ ഉറവിടമാണ് (യെശ. 30:15); മനുഷ്യന്റെ കണ്ണുകളും ചിന്തകളും പലപ്പോഴും പുറം ലോകത്തിലേക്ക് വ്യതിചലിക്കപ്പെടുന്നു; അലഞ്ഞുതിരിയുന്ന മനസ്സും ചാഞ്ചാടുന്ന ചിന്തകളുമായി തിരക്കുള്ളവർക്ക് വേഗത്തിൽ വെളിപാട് സ്വീകരിക്കുവാൻ കഴിയുകയില്ല.

   യെശ. 30:15 യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്കു മനസ്സാകാതെ; ...

4. അവൾ *കർത്താവിന്റെ വചനം ശ്രവിക്കുകയായിരുന്നു*, കർത്താവ് സംസാരിക്കുന്ന വചനങ്ങൾ അവനെത്തന്നെ മനുഷ്യരിലേക്ക് പകരുന്നതിന് ആത്മാവും ജീവനുമാണ് (യോഹ. 6:63); അവൾ കർത്താവിന്റെ വാക്ക് ശ്രവിക്കുന്നത്, അവൾ നിരന്തരം കർത്താവിനെ സ്വീകരിക്കുകയും അവനെ നേടുകയും ചെയ്യത്തക്കവണ്ണം, കർത്താവിന് അവനെത്തന്നെ അവളിലേക്ക് ആശയവിനിമയം നടത്താനുള്ള അവസരം നൽകി.

   യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

B. ദൈവത്തിന്റെ രക്ഷ യഥാർഥ സ്വാതന്ത്ര്യം ഉണ്ടായിരിക്കുവാൻ നമ്മെ ഇടയാക്കുന്നു; നമ്മുടെ സമ്പത്ത് ദൈവമാണ്, നമ്മുടെ സ്വാതന്ത്ര്യം നാം ദൈവത്തെ ആസ്വദിക്കുന്നതിൽനിന്നു വരുന്നു. മനുഷ്യൻ ദൈവത്തെ ആസ്വദിക്കുന്നില്ലെങ്കിൽ, അവന് യഥാർഥ സ്വാതന്ത്ര്യം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. സ്വാതന്ത്ര്യം അർഥമാക്കുന്നത് മോചനമാണ്, എല്ലാ ബന്ധനത്തിൽനിന്നും, എല്ലാ കഠിനമേറിയ ഭാരത്തിൽനിന്നും, എല്ലാ പീഡയിൽനിന്നും എല്ലാ ദാസ്യത്തിൽനിന്നും സ്വതന്ത്രരായിരിക്കുക എന്നാണ്—8:32, 36; ഗലാ. 5:1; 2 കൊരി. 3:17.

   യോഹ. 8:32 നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

   യോഹ. 8:36 അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു.

   ഗലാ. 5:1 സ്വാതന്ത്ര്യത്തിനായിട്ടാകുന്നു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത്; അതുകൊണ്ട് ഉറച്ചു നിൽക്കുവിൻ, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്.

   2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

C. ആദ്യം, സാത്താൻ നമ്മെ പിടികൂടി; പിന്നീട് അവൻ നമ്മുടെ പാപങ്ങളുടെ പ്രചോദകനായി, പ്രേരകനായി, നമ്മിൽ വസിക്കുവാൻ വന്നു; തൽഫലമായി, അവൻ നമ്മുടെ നിയമവിരുദ്ധനായ യജമാനനായിത്തീരുകയും, നമുക്ക് നന്മ ചെയ്യുവാൻ കഴിയാതെ, പാപങ്ങൾ മാത്രം ചെയ്യുവാൻ കഴിയുന്ന അളവിലേക്ക് നാം അവന്റെ ബദ്ധന്മാരായിത്തീരുകയും ചെയ്തു—റോമ. 7:14; 1 യോഹ. 5:19:

റോമ. 7:14 ന്യായപ്രമാണം ആത്മികം എന്ന് നാം അറിയുന്നു; ഞാനോ ജഡമയൻ, പാപത്തിന് വിൽക്കപ്പെട്ടവൻ.

1 യോഹ. 5:19 നാം ദൈവത്തിൽനിന്നുള്ളവരെന്നും സർവലോകവും ദുഷ്ടനിൽ കിടക്കുന്നു എന്നും നാം അറിയുന്നു.

1. ഒരു മനുഷ്യന് ദൈവമില്ലെങ്കിൽ, ദൈവത്തെക്കൂടാതെ ആസ്വദിക്കുവാൻ അവൻ ശ്രമിക്കുന്നതെന്തും നായ്ക്കൾക്കുള്ള ഭക്ഷണവും, ചവറും, വിസർജ്യവുമാണ്—ഫിലി. 3:7-9; പ്ര.നി. 2 പത്രൊ. 2:22.

   ഫിലി. 3:7 എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു.

   ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

   ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

   2 പത്രൊ. 2:22 നായ തന്റെ സ്വന്തം ഛർദിയിലേക്കും, കുളിച്ച പന്നി ചെളിയിൽ കിടന്നുരുളുവാനും തിരിഞ്ഞിരിക്കുന്നു എന്ന സത്യമായ പഴഞ്ചൊല്ലുപ്രകാരം അവർക്ക് ഇതു ഭവിച്ചിരിക്കുന്നു.

2. സാത്താനെ ബെയെൽസെബുൽ എന്ന് വിളിക്കുന്നു; അതർഥമാക്കുന്നത്, "ഈച്ചകളുടെ പ്രഭു" എന്നർഥമുള്ള *ബെയൽസബൂബ്* എന്ന പദത്തിൽനിന്നുള്ള "കുപ്പക്കുന്നിന്റെ പ്രഭു" എന്നാണ്; വിസർജ്യം തിന്നുന്ന ഈച്ചകളെപ്പോലെ പാപികളെ നയിക്കുന്നതിൽ സാത്താൻ പ്രത്യേക സവിശേഷത പുലർത്തുന്നു—മത്താ. 10:25; 12:24, 27; 2 രാജാ. 1:2.

   മത്താ. 10:25 തന്റെ ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനും തന്റെ യജമാനനെപ്പോലെയാകുന്നതു അടിമയ്ക്കും മതി. വീട്ടുടയവനെ അവർ ബെയെത്സെബൂൽ എന്നു വിളിച്ചെങ്കിൽ, അവന്റെ വീട്ടുകാരെ എത്ര അധികം!

   മത്താ. 12:24 എന്നാൽ പരീശന്മാർ ഇതു കേട്ടിട്ട്, ഇവൻ ഭൂതങ്ങളുടെ അധിപനായ ബെയെത്സെബൂലിനാൽ അല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു.

   മത്താ. 12:27 ഞാനോ ബെയെത്സെബൂലിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ പുത്രന്മാർ ആരാൽ അവയെ പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങളുടെ ന്യായാധിപന്മാർ ആകും.

   2 രാജാ. 1:2 അഹസ്യാവു ശമര്യയിലെ തന്റെ മാളികയുടെ കിളിവാതിലിൽകൂടി വീണു ദീനംപിടിച്ചു; അവൻ ദൂതന്മാരെ അയച്ചു: ഈ ദീനം മാറി എനിക്കു സൗഖ്യം വരുമോ എന്നു എക്രോനിലെ ദേവനായ ബാൽസെബൂബിനോടു ചെന്നു ചോദിപ്പിൻ എന്നു അവരോടു കല്പിച്ചു.

3. പാപം ചെയ്യുവാൻ ആരും തന്റെ ഹൃദയത്തിൽ ആഗ്രഹിക്കുന്നില്ലെങ്കിലും, ഒടുവിൽ എല്ലാവരും പാപം ചെയ്യുന്നു; ആർക്കും തന്റെമേൽ

നിയന്ത്രണമില്ല, എല്ലാവരും പാപത്തിന്റെ അടിമയായിത്തീർന്നിരിക്കുന്നു—റോമ. 7:18-23; യോഹ. 8:34.

റോമ. 7:18 എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്, എന്നാൽ പുറപ്പെടുവിക്കുന്നില്ല.

റോമ. 7:19 ഞാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നത്; മറിച്ച് ഞാൻ ഇച്ഛിക്കാത്ത തിന്മയത്രേ ഞാൻ പ്രവർത്തിക്കുന്നത്.

റോമ. 7:20 എന്നാൽ ഞാൻ ഇച്ഛിക്കാത്തതിനെ ഞാൻ ചെയ്യുന്നുവെങ്കിൽ, അത് ഇനിമേൽ ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ പുറപ്പെടുവിക്കുന്നത്.

റോമ. 7:21 അപ്പോൾ എന്നോടുകൂടെ നന്മ ചെയ്യുവാൻ ഇച്ഛിക്കുന്ന പ്രമാണത്തെ ഞാൻ കണ്ടെത്തുന്നു, എന്തുകൊണ്ടെന്നാൽ തിന്മ എന്നോടുകൂടെ ഉണ്ട്.

റോമ. 7:22 അകത്തെ മനുഷ്യനൊത്തവണ്ണം ദൈവത്തിന്റെ ന്യായപ്രമാണത്തിൽ ഞാൻ ആനന്ദിക്കുന്നു,

റോമ. 7:23 എങ്കിലും എന്റെ മനസ്സിന്റെ പ്രമാണത്തോട് യുദ്ധം ചെയ്തുകൊണ്ടും, എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കൊണ്ടും എന്റെ അവയവങ്ങളിലുള്ള വ്യത്യസ്തമായൊരു പ്രമാണത്തെ ഞാൻ കാണുന്നു.

യോഹ. 8:34 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ അടിമയാകുന്നു.

D. റോമർ-7:24 ലെ പൗലൊസിന്റെ നിരാശാജനകമായ നിലവിളിക്ക് റോമർ 8:2-ൽ ഉത്തരം ലഭിക്കുന്നു; ജീവന്റെ ആത്മാവിന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ നമ്മെ സ്വാതന്ത്രരാക്കുന്നുവെന്ന് അതു പറയുന്നു.

റോമ. 7:24 അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

E. ജീവൻ-നൽകുന്ന ആത്മാവായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ മാത്രമേ നമുക്ക് മോചിതരാകാനും യഥാർഥ സ്വാതന്ത്ര്യം ഉണ്ടായിരിക്കുവാനും കഴിയുകയുള്ളൂ; ദൈവത്തെ ആസ്വദിക്കുന്നവർ മാത്രമേ പാപം ചെയ്യാതിരിക്കുകയും, മോചനത്തിന്റെയും, വിടുതലിന്റെയും, ബന്ധനത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തിന്റെയുമായ ഒരു ജീവിതം നയിച്ചുകൊണ്ട് യഥാർഥമായി സ്വതന്ത്രരായിരിക്കുകയും ചെയ്യുന്നുള്ളൂ—യോഹ. 8:11-12, 24, 28, 31-36:

യോഹ. 8:11 ആരും ഇല്ല കർത്താവേ എന്ന് അവൾ പറഞ്ഞു. യേശു അവളോട്, ഞാനും നിന്നെ ശിക്ഷവിധിക്കുന്നില്ല; പോകുക, ഇനിമേൽ പാപം ചെയ്യരുത് എന്നു പറഞ്ഞു.

യോഹ. 8:12 അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും

ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു.

യോഹ. 8:24 അതുകൊണ്ട് നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ പറഞ്ഞു; ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും.

യോഹ. 8:28 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ, ഞാൻ ആകുന്നു എന്നും, എന്നിൽനിന്ന് ഞാൻ ഒന്നും ചെയ്യാതെ, എന്റെ പിതാവ് എന്നെ ഉപദേശിച്ചതുപോലെ ഞാൻ ഈ കാര്യങ്ങൾ സംസാരിക്കുന്നുവെന്നും നിങ്ങൾ അറിയും.

യോഹ. 8:31 അപ്പോൾ തന്നെ വിശ്വസിച്ച യെഹൂദന്മാരോട് യേശു, നിങ്ങൾ എന്റെ വചനത്തിൽ വസിക്കുന്നുവെങ്കിൽ, നിങ്ങൾ സത്യമായും എന്റെ ശിഷ്യന്മാരാകുന്നു.

യോഹ. 8:32 നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

യോഹ. 8:33 അവർ അവനോട്, ഞങ്ങൾ അബ്രാഹാമിന്റെ സന്തതിയാകുന്നു, ആർക്കും ഇതുവരെ അടിമപ്പെട്ടിട്ടില്ല. നിങ്ങൾ സ്വതന്ത്രരാകും എന്ന് നീ പറയുന്നത് എങ്ങനെ? എന്ന് ഉത്തരം പറഞ്ഞു.

യോഹ. 8:34 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ അടിമയാകുന്നു.

യോഹ. 8:35 അടിമ എന്നേക്കും ഭവനത്തിൽ വസിക്കുന്നില്ല; പുത്രൻ എന്നേക്കും വസിക്കുന്നു.

യോഹ. 8:36 അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു.

1. ജീവന്റെ ആത്മാവിന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കുന്നു; ഈ പ്രമാണം ജീവൻ-നൽകുന്ന ആത്മാവായിത്തീരുവാൻ മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോയ കർത്താവു തന്നെയാണ്—റോമ. 8:2.

   റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

2. നാം മതിയാംവണ്ണം കർത്താവിനെ ആസ്വദിക്കുന്നില്ലെങ്കിൽ, നിരവധി കാര്യങ്ങൾക്ക് നാം അപ്പോഴും അടിമത്തത്തിലായിരിക്കും; നിശ്ചയദാർഢ്യമുള്ളതുകൊണ്ട് പ്രയോജനമില്ല; കർത്താവിനെ ഭക്ഷിക്കുവാനും ആസ്വദിക്കുവാനും നാം നിരന്തരം അവന്റെ അടുക്കൽ വരണം—1 കൊരി. 1:9; വെളി. 2:7; യെശ. 55:1-2.

   1 കൊരി. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

   വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

   യെശ. 55:1 അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ

വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.

യെശ. 55:2 അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തിവരുത്താത്തതിന്നു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്നു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ.

3. യോബേൽ എന്ന നിലയിൽ ക്രിസ്തു നമ്മുടെ ദാരിദ്ര്യം, അടിമത്തം, അന്ധത, പീഡ എന്നിവയിൽനിന്നും നമ്മെ സ്വതന്ത്രരാക്കുന്നു—സഭാ. 1:2, 14; 3:11; ഫിലി. 3:8; 2 പത്രൊ. 2:22; ലൂക്കൊ. 12:21; വെളി. 3:17.

സഭാപ്ര. 1:2 ഹാ മായ, മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ, സകലവും മായയത്രേ.

സഭാപ്ര. 1:14 സൂര്യന്നു കീഴെ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ടു; അവയൊക്കെയും മായയും വൃഥാപ്രയത്നവും അത്രേ.

സഭാപ്ര. 3:11 അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

2 പത്രൊ. 2:22 നായ തന്റെ സ്വന്തം ഛർദിയിലേക്കും, കുളിച്ച പന്നി ചെളിയിൽ കിടന്നുരുളുവാനും തിരിഞ്ഞിരിക്കുന്നു എന്ന സത്യമായ പഴഞ്ചൊല്ലുപ്രകാരം അവർക്ക് ഇതു ഭവിച്ചിരിക്കുന്നു.

ലൂക്കൊ. 12:21 തനിക്കുതന്നെ നിക്ഷേപം സ്വരൂപിക്കുകയും, ദൈവത്തോടു സമ്പന്നൻ അല്ലാതെയും ഇരിക്കുന്നവൻ ഇങ്ങനെ ആകുന്നു.

വെളി. 3:17 ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ,

F. യോബേലിന്റെ ജീവിതം ക്രിസ്തുവിന്റെ ആസ്വാദനത്തിലുള്ള ഒരു ജീവിതമാണ്, നമ്മുടെ അവകാശവും യഥാർഥ സ്വാതന്ത്ര്യവുമെന്ന നിലയിൽ ദൈവത്തെ ആസ്വദിക്കുന്ന ഒരു ജീവിതമാണ്—പ്രവൃ. 26:18; യോഹ. 8:36:

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

യോഹ. 8:36 അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു.

1. യോബേലിന്റെ ജീവിതം എല്ലാ സാഹചര്യങ്ങളിലും നാം ദൈവത്തെത്തന്നെയും, ക്രിസ്തുവിനെത്തന്നെയും എടുക്കുന്ന ഒരു ജീവിതമാണ്; അപ്പോൾ മനുഷ്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങളെയും

മറികടക്കുവാൻ അവൻ നമ്മിലെ പ്രാഥമിക ഘടകവും കേന്ദ്രവുമായിത്തീരുന്നു—6:16-21; കൊലൊ. 1:17, 18; ഫിലി. 4:6-7, 11-12.

യോഹ. 6:16 സന്ധ്യയായപ്പോൾ, അവന്റെ ശിഷ്യന്മാർ കടൽപ്പുറത്തേക്ക് ഇറങ്ങിച്ചെന്നു,

യോഹ. 6:17 അവർ ഒരു പടകിൽ കയറി, കഫർന്നഹൂമിലേക്കു കടൽ മുറിച്ചുകടക്കുവാൻ തുടങ്ങി. അപ്പോഴേക്കും ഇരുട്ടായിത്തീർന്നിരുന്നു, യേശു അപ്പോഴും അവരുടെ അടുക്കൽ വന്നിട്ടില്ലായിരുന്നു.

യോഹ. 6:18 ശക്തമായി കാറ്റടിക്കുന്നതുകൊണ്ട് കടൽ ക്ഷോഭിക്കുകയായിരുന്നു.

യോഹ. 6:19 പിന്നെ അവർ ഏകദേശം ഇരുപത്തഞ്ചോ മുപ്പതോ സ്റ്റഡിയ തുഴഞ്ഞപ്പോൾ, യേശു, കടലിന്മേൽ നടന്നുകൊണ്ട് പടകിനു സമീപത്തേക്ക് വരുന്നത് കണ്ടു, അവർ ഭയപരവശരായി.

യോഹ. 6:20 എന്നാൽ അവൻ അവരോട്, ഇതു ഞാനാകുന്നു. ഭയപ്പെടേണ്ട, എന്നു പറഞ്ഞു.

യോഹ. 6:21 അപ്പോൾ അവനെ പടകിലേക്കു കയറ്റുവാൻ അവർ ഇച്ഛിച്ചു; ഉടനെ അവർ പോകുകയായിരുന്ന ദേശത്ത് പടക് എത്തി.

കൊലൊ. 1:17 അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു;

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

ഫിലി. 4:12 താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

2. എല്ലാം അവന്റെ സർവാധികാരത്തിൻ കീഴിലായതുകൊണ്ട്, നാം ഇങ്ങനെ പ്രാർഥിക്കണം: “കർത്താവേ, എന്നെ നിറയ്ക്കുകയും, എന്നെ നേടുകയും, എന്നെ കൈവശപ്പെടുത്തുകയും ചെയ്യണമേ; എന്റെ ബാഹ്യമായ സാഹചര്യം എന്തുതന്നെയായാലും, എനിക്കു നിന്നെ ആസ്വദിച്ചാൽ മാത്രം മതി”; ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ നിവർത്തിക്കുവേണ്ടി സുവിശേഷത്തെ—ക്രിസ്തുവിനെ കൃപയുടെ യോബേലായി—

ജീവിക്കുകയും ഘോഷിക്കുകയും ചെയ്തുകൊണ്ട് നാം ഇന്നത്തെ ശുശ്രൂഷകന്മാരും സാക്ഷികളും ആയിരിക്കണം—പ്രവൃ. 26:16-19.

പ്രവൃ. 26:16 എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു;

പ്രവൃ. 26:17 ജനത്തിൽനിന്നും ജാതികളിൽനിന്നും നിന്നെ വിടുവിച്ചുകൊണ്ട് ഞാൻ നിന്നെ,

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

പ്രവൃ. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.